15 -ാം കേരള നിയമസഭ

7 -ാം സമ്മേളനം

നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 227 — 05-12-2022 - ൽ മറുപടിയ്ക്ക്

## മഞ്ചേരി നിയോജകമണ്ഡലം - വിവിധ ആരോഗ്യ പദ്ധതികൾ

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. യു.എ.ലത്തീഫ് | | ശ്രീമതി വീണാ ജോർജ്ജ് (ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി) | |
| (എ) | മഞ്ചേരിയിൽ നഴ്സിംഗ് സ്കൂൾ കെട്ടിടം നിർമ്മിക്കുന്നതിന് പൊതുമരാമത്ത് വകുപ്പിന് ആരോഗ്യ വകുപ്പ് അനുമതി ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ; അനുമതി നൽകാത്തതിന്റെ കാരണം വ്യക്തമാക്കുമോ; എങ്കിൽ ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ; | (എ) | മഞ്ചേരി മെഡിക്കൽ കോളേജ് കോമ്പൗണ്ടിൽ പ്രവർത്തിച്ചുവരുന്ന മഞ്ചേരി നഴ്സിംഗ് സ്കൂളിന് ചെരണി ടി.ബി. സെന്റർ കോമ്പൗണ്ടിൽ പുതിയ കെട്ടിടം നിർമ്മിക്കുന്നതിനായി സ.ഉ.(ആർ.റ്റി.) നം. 643/2017 തീയതി 13.03.2017 സർക്കാർ ഉത്തരവ് പ്രകാരം 14 കോടി രൂപയുടെ ഭരണാനുമതി നൽകിയിരുന്നു. 2016 ൽ മഞ്ചേരി നഴ്സിംഗ് സ്കൂൾ പ്രിൻസിപ്പൽ സമർപ്പിച്ച പ്ലാൻ പ്രകാരം വിസ്തീർണ്ണം 5063 ച.മീ. (അഡ്മിനിസ്ട്രേറ്റീവ് ബ്ലോക്ക് - 2205 ച.മീ. , ഹോസ്റ്റൽ ബ്ലോക്ക് 2858 ച.മീ.) ആയിരുന്നു. എന്നാൽ ഇന്ത്യൻ നഴ്സിംഗ് കൗൺസിലിന്റെ മാർഗ്ഗരേഖ അനുസരിച്ച് പുന:സമർപ്പിച്ച പ്ലാൻ പ്രകാരം വിസ്തീർണ്ണം 7264 ച.മീ. ആയി ഉയർന്നു. (ഹോസ്റ്റൽ ബ്ലോക്ക് 3070 ച.മീ, അഡ്മിനിസ്ട്രേറ്റീവ് ബ്ലോക്ക് 4194 ച.മീ.). ഈ പ്ലാൻ അനുസരിച്ച് സർക്കാർ ഉത്തരവ് പ്രകാരമുള്ള 14 കോടി ഉപയോഗിച്ച് അഡ്മിനിസ്ട്രേറ്റീവ് ബ്ലോക്ക് മാത്രമേ നിർമ്മിക്കാൻ സാധിക്കു, ഹോസ്റ്റൽ ബ്ലോക്ക് കൂടി നിർമ്മിക്കുന്നതിന് അധിക തുക ആവശ്യമായി വരും. ആയതിനാൽ, ടി തുക ഉപയോഗിച്ച് അഡ്മിനിസ്ട്രേറ്റീവ് ബ്ലോക്കിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ ° ആരംഭിക്കുന്ന വിഷയം സർക്കാർ തലത്തിൽ പരിശോധിച്ചു വരുന്നു. |
| (ബി) | മഞ്ചേരിയിൽ ആരംഭിക്കാനിരിക്കുന്ന നഴ്സിംഗ് കോളജിൽ ഈ വർഷം അധ്യയനം ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ; നഴ്സിംഗ് കോളേജിന് ആവശ്യമായ കെട്ടിടം നിർമ്മിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ; | (ബി) | മഞ്ചേരി നഴ്സിംഗ് കോളേജിൽ 30.11.2022 മുതൽ അധ്യയനം ആരംഭിച്ചിട്ടുണ്ട്. നഴ്സിംഗ് കോളേജിന് കെട്ടിടം നിർമ്മിക്കുന്ന കാര്യം പരിശോധിച്ചു വരുന്നു. |
| (സി) | മഞ്ചേരി മെഡിക്കൽ കോളജ് നിലവിലെ സ്ഥലത്ത് നിലനിറുത്തികൊണ്ട് വിപുലീകരിക്കുന്നതിന് മഞ്ചേരി വേട്ടേക്കോട് പുതുതായി ഭൂമി ഏറ്റെടുക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ; | (സി) | മഞ്ചേരി മെഡിക്കൽ കോളേജിനായി നിലവിൽ 2.8107 ഹെക്ടർ ഭൂമി കോളേജിന് അടുത്തായി തന്നെ ഏറ്റെടുക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നുണ്ട്. |

| | | | |
|---|---|---|---|
| (ഡി) | മഞ്ചേരിയിൽ ജനറൽ ആശുപത്രി പുന:സ്ഥാപിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ? | (ഡി) | ഇപ്പോൾ പരിഗണനയിലില്ല. |

സെക്ഷൻ ഓഫീസർ